ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവസ്നേഹവും സഹോദരസ്നേഹവും ക്രൈസ്തവവിശ്വാസത്തിൻെറ കാതലും അടിസ്ഥാനവുമാണ്. ദൈവത്തെ പൂർണമായി സ്നേഹിക്കുന്നവൻ സഹോദരനെയും ആത്മാർത്ഥമായി സ്നേഹിക്കും എന്നതാണ് ക്രിസ്തീയദർശനം. ദൈവകല്പനകളെ കർത്താവായ യേശു സംഗ്രഹിക്കുക രണ്ടു കല്പനകളായാണ്: ദൈവത്തെ സ്നേഹിക്കുക; സഹോദരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുക (മത്താ.22:36–40). ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുകയും സഹോദരനെ അവഗണിക്കുകയും ചെയ്യുന്നവൻ കള്ളം പറയുന്നു എന്ന വി.യോഹന്നാൻെറ വാക്കുകൾ എങ്ങനെ വിസ്മരിക്കാനാവും? “കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. ക്രിസ്തുവിൽ നിന്ന് ഈ കൽപന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം” എന്ന് വി.യോഹന്നാൻ വ്യക്തമായി ഉപദേശിക്കുന്നു (1 യോഹ. 4:20–21). വി.മത്തായിയുടെ സുവിശേഷത്തിൽ യേശുവിൻെറ പരസ്യജീവിതത്തിലെ അവസാനരംഗങ്ങളിൽ നാം ശ്രവിക്കുക, ദൈവത്തെ പ്രാപിക്കുവാനും ദൈവരാജ്യം കരഗതമാക്കുവാനുള്ള മാർഗം സഹോദരനെ ശുശ്രൂഷിക്കുകയാണ് എന്ന അവിടുത്തെ പ്രബോധനമാണ്. അന്ത്യവിധിയുടെ ഉപമയിൽ കർത്താവ് അരുളിച്ചെയ്യുന്നത് സഹോദരന് നല്കുന്ന പരിഗണനയും ശുശ്രൂഷയും കരുതലും തനിക്കു തന്നെ നല്കുന്നതാണ് എന്നത്രേ: “എൻെറ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്” (മത്താ. 25:40). സമസൃഷ്ടങ്ങൾക്കു നല്കുന്ന ശുശ്രൂഷയിലൂടെയേ ദൈവത്തെ ദർശിക്കുവാനും പ്രാപിക്കുവാനുമാകൂ എന്നത് ക്രിസ്തീയവിശ്വാസം എന്നും ഉദ്ഘോഷിച്ചിരുന്ന സന്ദേശമാണ്. “അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല” എന്നു പറയത്തക്കവണ്ണം സുവിശേഷാനുസൃതമായ പരസ്പര സ്നേഹത്തിൻെറയും ശുശ്രൂഷയുടെയും കരുതലിൻെറയും ജീവിതം ആദിമസഭ നയിച്ചു എന്ന് വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നു (അപ്പ.4:34). സഭയുടെ രണ്ട് സഹസ്രാബ്ദങ്ങളിലെ ജീവിതവും ക്രിയാത്മകമായ സ്നേഹത്തിൻെറ ദർശനം തന്നെയാണു നമുക്കു നൽകുക.

രൂപീകരണത്തിൻെറ ആരംഭം മുതൽ ഇന്നോളം കെ.എം.ആർ.എം (കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെൻറ്) ഉപവിയും കാരുണ്യവും സംബന്ധിച്ച ക്രിസ്തീയവിശ്വാസത്തിൻെറ അടിസ്ഥാനതത്വം ഉൾക്കൊണ്ട് പ്രവർത്തിച്ചു വരുന്നു എന്നത് അഭിനന്ദനാർഹവും അഭിമാനകരവുമായ വസ്തുതയാണ്. ഈ പ്രവർത്തനവർഷത്തിൽ ആവിഷ്കരിച്ചിരിക്കുന്ന കലാലയസാന്ത്വനയും സമൂഹത്തിലെ അർഹരായവരെ സഹായിക്കുന്നതിനുള്ള സംരംഭമാണ്. വിവിധ രൂപതകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നേഴ്സിംഗ് വിദ്യാർത്ഥികൾക്കും മാർത്താണ്ഡം ഭദ്രാസനത്തിലെ നൂറോളം സ്കൂൾ വിദ്യാർത്ഥികൾക്കും കലാലയസാന്ത്വന അനുഗ്രഹമാകുകയാണ്.

കുവൈറ്റിലെ മലങ്കര കത്തോലിക്കാവിശ്വാസികളുടെ സഹജീവികളോടുള്ള സ്നേഹവും കരുതലും കലാലയസാന്ത്വനയിലൂടെ പ്രകടമാകട്ടെ എന്നാണ് എൻെറ ആശംസയും പ്രാർത്ഥനയും. ഔദാര്യപൂർണമായ സഹകരണും പ്രോത്സാഹനവും നൽകി കലാലയസാന്ത്വന വിവക്ഷിക്കുന്ന ലക്ഷ്യം പ്രാപ്തമാക്കുവാൻ നമുക്കു ശ്രമിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ!

യേശുവിൽ സ്നേഹപൂർവം

ഫാ. ഡോ. ജോൺ പടിപ്പുരയ്ക്കൽ